
ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2010
സെപ്തംബർ
121




## തൂക്കണാം കുരുവികൾ മടങ്ങിവരുന്നു

## വീട്ടിലെത്തുന്ന പലഹാര വിൽപനക്കാർ

## യൂറോപ്യൻ മൊബിലിറ്റി വീക്ക്





# തൂക്കണാം കുരുവികൾ മടങ്ങിവരുന്നു

പാലക്കാട്ടെ വയലോരങ്ങളിൽ വീണ്ടും തൂക്കണാം കുരുവി (Baya weaver - Ploceus Philippinus)കളുടെ ചിറകടിയൊച്ചകൾ കേട്ടുതുടങ്ങുന്നു.

വയലോരങ്ങളിലെ തെങ്ങിൻതലപ്പുകളിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യത്തെ വെല്ലുംവിധം കൂടുപണിത് ജീവിക്കുന്ന തൂക്കണാംകുരുവികൾ പണ്ട് ഒരു സാധാരണ കാഴ്ചയായിരുന്നു. പാലക്കാടിന്റെ പല ഭാഗങ്ങളിലും നെൽവയലുകൾ അപ്രത്യക്ഷമായിത്തുടങ്ങിയതോടെ 1970കളിൽ ഇവ പതുക്കെ മറയാൻ തുടങ്ങി. നെൽവയലുകളെ ആഹാരത്തിനും പാർപ്പിടത്തിനും ആശ്രയിച്ച ഈ കുരുവികളുടെ നിലനിൽപ്പുതന്നെ ഭീഷണിയിലായി. നെൽകൃഷി രംഗത്തുണ്ടായ പുത്തനുണർവിന്റെ ഫലമായി ഇന്ന് സംസ്ഥാനത്തെ നെല്ലുത്പാദനത്തിന്റെ പകുതിയും നടക്കുന്നത് പാലക്കാട് ജില്ലയിലാണ്. ഈ മാറ്റം കുഞ്ഞുപക്ഷികളുടെ ജീവിതത്തിലും പുതിയ ഉണർവുണ്ടാക്കി.

*വാൽക്കഷ്ണം:* മലബാർ ഭാഗത്ത് ഈ പക്ഷിക്ക് കൂരിയാറ്റ എന്നും പേരുണ്ട്. സാധാരണ പക്ഷികളുടേതിൽനിന്നും വ്യത്യസ്തമായി കൂടിന്റെ കീഴ്ഭാഗത്ത് വാതിൽ നിർമിക്കുന്ന ശൈലിയായതിനാൽ, 'തലതിരിഞ്ഞ്' ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ കൂരിയാറ്റ നയക്കാർ എന്ന് ഇപ്പോഴും പറയാറുണ്ട്.

2010
സെപ്തംബർ
ലക്കം 121

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

•

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

കവർ ഫോട്ടോ
**ഹസ്സൻ മമ്പാട്**

ടൈപ്പ് സെറ്റിംഗ്
**ജസീല**


ലേഔട്ട്
**റസീസ് അഹമ്മദ്**

പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**

•

**കാംപയിൻ**

**ലിമ ന്യൂസ് ഡസ്ക്**





# യൂറോപ്യൻ മൊബിലിറ്റി വീക്ക്

പൊതുവാഹനം, സൈക്കിൾ സവാരി, നടത്തം എന്നിവ ജീവിതശൈലിയാക്കുന്നതിനായുള്ള പ്രചാരണ കാമ്പയിൻ വരുന്ന ഫെബ്രുവരി 16 മുതൽ 22 വരെ യൂറോപ്യൻ സമൂഹം ആചരിക്കുന്നു. സെപ്റ്റംബർ 22 ന് അന്തർദേശീയ കാർ ഫ്രീ ഡേ ആയി ആചരിക്കുകയും ചെയ്യുന്നു.

ഒരു ദിവസം കാറില്ലാത്ത നിരത്ത് എന്ന കാമ്പയിൻ ഇന്ത്യയിൽ അവതരിപ്പിക്കുമ്പോൾ, ബൈക്കും മറ്റു ചെറു മോട്ടോർ വാഹനങ്ങൾ ഉൾപ്പെടെ എന്നാക്കാം.

പതിവായി സ്വകാര്യ വാഹനത്തിൽ സഞ്ചരിക്കുന്നവർ ഒരു ദിവസം നടന്നോ പൊതു വാഹനത്തിലോ യാത്ര ചെയ്യുമോ?

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.



മംഗോളിയൻ മന്ത്രിസഭയുടെ ക്യാബിനറ്റ് യോഗം സൗത്ത് ഗോപിയിലെ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ വെച്ച് നടക്കുന്നു. സമുദ്രത്തിനടിയിൽ ക്യാബിനറ്റ് യോഗം നടത്തി മാലി ഭരണകൂടം മുൻപ് ആഗോള താപനത്തിന്റെ ഭീകരതയിലേക്ക് ലോകശ്രദ്ധ ക്ഷണിച്ചിരുന്നു.

കാംപയിൻ

ലിമാ ന്യൂസ് ഡസ്ക്

# വീട്ടിലെത്തുന്ന പലഹാര വിൽപനക്കാരെ ഓർക്കുമോ?

- **സാധനങ്ങൾ വാങ്ങുമ്പോൾ, വീടുകളിൽ നിർമ്മിച്ച് സ്വന്തം നിലയ്ക്ക് വിതരണം ചെയ്യുന്നവരെ കൂടി പരിഗണിക്കാം.**
- **വലിയതും തിരക്കുള്ളതുമായ കടകളും സ്ഥാപനങ്ങളും മാത്രം തിരഞ്ഞെടുക്കാതെ വല്ലപ്പോഴുമെങ്കിലും ചെറിയ തിരക്കു കുറഞ്ഞ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാം.**

തകർന്നുകൊണ്ടിരിക്കുന്ന കൈത്തറി വ്യവസായത്തെ സഹായിക്കാൻ ഒരു ദിവസം ഖാദിവസ്ത്രം എന്ന സർക്കാർ കാമ്പയിൻ പോലെ പ്രസക്തമായ നിരവധി കാമ്പയിനുകൾ ഉണ്ട്. വീടുകളിൽ പലഹാരങ്ങൾ ഉണ്ടാക്കി ചെറിയ സഞ്ചികളിലാക്കി വിൽപ്പനയ്ക്കെത്തുന്ന സ്ത്രീകളുൾപ്പെടെയുള്ളവരെ സഹായിക്കാനും നമ്മുടെ ശ്രദ്ധ പതിയേണ്ടതാണല്ലോ. വൻകിട ബേക്കറികളിൽ നിന്നും ഷോപ്പിംഗ് മാളുകളിൽ നിന്നും മനോഹരമായി പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾ മാത്രം വാങ്ങുന്നവർ ഇടയ്ക്കെങ്കിലും വീട്ടിൽ ഉണ്ടാക്കി സ്വന്തമായി വിതരണം ചെയ്യുന്ന നാടൻ പലഹാരങ്ങൾ വാങ്ങാൻ ശ്രദ്ധിച്ചാൽ അസംഘടിതരും വരുമാനമില്ലാത്തവരുമായ നിരവധി പേർക്ക് ജീവിതമാർഗ്ഗമാകും.

ഉപഭോക്താവിന് തന്റെ പണം എങ്ങനെ ചിലവിടണം എന്ന് തീരുമാനിക്കാൻ സ്വാതന്ത്ര്യമുണ്ട്. പരസ്യ കോലാഹലങ്ങൾ എന്തുതന്നെ വന്നാലും ശ്രദ്ധയോടെയുള്ള നമ്മുടെ ഉപഭോഗ തീരുമാനങ്ങൾ കൊണ്ടും വലിയ ചലനങ്ങൾ ഉണ്ടാക്കാം. മൾട്ടിനാഷണൽ കമ്പനികളോട് മാവോ രീതിയിൽ പോരാടാൻ പറ്റില്ല. പക്ഷേ കുത്തക ഭീമൻമാരുടെ ഉല്പന്നം വാങ്ങില്ല എന്ന തീരുമാനം 5 രൂപ മുടക്കി ഒരു പേന വാങ്ങുന്നയാളിനും സ്വീകരിക്കാം. യൂണിയൻ കാർബൈഡിന്റെ എവറെഡി ബാറ്ററി ഉപയോഗിക്കുന്നത് അവസാനിപ്പിച്ച് ഭോപ്പാൽ ദുരന്തത്തിനുത്തരവാദികളായവരോട് പ്രതികരിച്ചവർ ധാരാളമാണ്. വിലക്കുകൾ ഭേദിച്ച് വീണ്ടും വിപണിയിൽ എത്തിയ കോളാ കമ്പനികളോട് പ്രതിഷേധിക്കാൻ നാരങ്ങാ സർബത്ത് കുടിച്ചാലും മതി. വിപണിയോട് ചെറുത്തുനിൽക്കുന്ന ഉപഭോഗത്തിന്റെ രാഷ്ട്രീയം നമുക്കു സ്വായത്തമാക്കാൻ കഴിയും.

പൊരിവെയിലത്ത് സഞ്ചിയിൽ പലഹാരങ്ങളും, മൺപാത്രങ്ങളും, കുട്ട, ചൂൽ ഇവയൊക്കെയുമായി വരുന്നവരോട് വില പേശി പരമാവധി കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ തരപ്പെടുത്തുന്നവർ സൂപ്പർ മാർക്കറ്റിലെ പ്രിന്റഡ് പ്രൈസ് നോക്കി മിണ്ടാതെ പണം നൽകി സ്ഥലം വിടും.

ഗ്രാമീണ, ചെറുകിട സംരംഭങ്ങളോട് സഹാനുഭൂതിയോടെ ഇടപെടുന്ന സമീപനം ഉപഭോഗത്തിന്റെ കാര്യത്തിൽ നാം സ്വായത്തമാക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിൻപുറങ്ങളിൽ വരെ ആധുനികരീതിയിൽ സജ്ജീകരിച്ച സലൂണുകൾ വന്നതോടെ സാധാരണ ബാർബർ ഷോപ്പുകളിൽ തിരക്കു കുറയുന്നുണ്ട്. ആർഭാടം കൂടിയ കടയും സ്ഥാപനവും മികച്ച സേവനം തരും എന്ന ധാരണ പലപ്പോഴും ശരിയാവാറില്ല. മറഞ്ഞിരിക്കുന്ന ചിലവുകൾ പലപ്പോഴും ശ്രദ്ധയിൽ പെടാറില്ലെന്നു മാത്രം!

ചായപ്പൊടി, കാപ്പിപ്പൊടി, പാചകമസാലകൾ, കൈത്തറിത്തുണികൾ, പലഹാരങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവകൾ വീടുകളിലും ഓഫീസുകളിലും വന്ന് വിൽപ്പന നടത്തുന്ന ഏകാംഗ തൊഴിൽ സംരംഭകരെ കൂടി പരിഗണിക്കുന്ന ഉപഭോഗ തീരുമാനങ്ങൾ നാം എടുത്താൽ അത് ഉപഭോക്താവ് എന്ന നിലയിൽ നാം സ്വീകരിക്കുന്ന വലിയ വിപ്ലവകരമായ ചുവടായിരിക്കും.


ജന്തു വൈവിധ്യം

ഷിനോ ജേക്കബ് കുറ്റനാട്

# ഇല്ലാതാവുന്ന തനത് പശുവർഗങ്ങൾ

**കൂടുതൽ പാലുത്പാദിപ്പിക്കുക എന്ന ഒരു ലക്ഷ്യം മാത്രം പശുവിൽ കണ്ടതോടെ നാടൻ പശുവർഗ്ഗങ്ങൾ ഇല്ലാതാവാൻ തുടങ്ങി. കേരളത്തെപ്പോലെ ഒരു ഉഷ്ണമേഖലാ പ്രദേശത്ത് കൂടിയ ചൂടിനേയും പരുക്കൻ കാലാവസ്ഥയേയും പ്രതിരോധിച്ച് മികച്ച രോഗപ്രതിരോധ ശേഷിയും വഹിച്ച് സസുഖം നിലനിന്നിരുന്നവയായിരുന്നു നാടൻ പശുക്കൾ (ഇന്ത്യൻ കൗ ബ്രീഡ്സ്)**

വംശനാശം സംഭവിച്ച നിരവധി ജീവികളെപ്പറ്റി നാം പഠിക്കുന്നുണ്ട്. എന്നാൽ ആധുനികത വംശനാശത്തിന്റെ വക്കിലെത്തിച്ച ഒരു ജീവി കേരളത്തിലുണ്ട്. അത് നാടൻ പശുവാണ്. പാലക്കാട് നാടൻ, വെച്ചൂർ, കാസർഗോഡ് നാടൻ എന്നീ പശുവർഗ്ഗങ്ങൾ കേരളത്തിൽ ധാരാളം ഉണ്ടായിരുന്നു. എന്നാൽ കൂടുതൽ പാലുത്പാദിപ്പിക്കുക എന്ന ഒരു ലക്ഷ്യം മാത്രം പശുവിൽ കണ്ടതോടെ നാടൻ പശുവർഗ്ഗങ്ങൾ ഇല്ലാതാവാൻ തുടങ്ങി. കേരളത്തെപ്പോലെ ഒരു ഉഷ്ണമേഖലാ പ്രദേശത്ത് കൂടിയ ചൂടിനേയും പരുക്കൻ കാലാവസ്ഥയേയും പ്രതിരോധിച്ച് മികച്ച രോഗപ്രതിരോധ ശേഷിയും വഹിച്ച് സസുഖം നിലനിന്നിരുന്നവയായിരുന്നു നാടൻ പശുക്കൾ. ഇവയുടെ കാളകളെ നിലം ഉഴാനും വണ്ടി വലിക്കാനും ഉപയോഗിച്ചിരുന്നു. ചാണകവും മൂത്രവും മികച്ച വളമായും ഉപയോഗപ്പെട്ടു. നാടൻ പശുവിൽനിന്നുള്ള ഉത്പന്നങ്ങളായ പാൽ, നെയ്യ് എന്നിവ ആയുർവ്വേദത്തിലെ ചികിത്സാ ആവശ്യത്തിനായി ധാരാളം ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന്, പായ്ക്കറ്റ് പാൽ സംസ്കാരം വളർന്നു. നാടൻ പശുവിന് കുറച്ചു തീറ്റയും കുറഞ്ഞ പരിപാലന ചെലവും മതിയായിരുന്നു. ഇതിന് ആനുപാതികമായി മാത്രമേ പാലിലുള്ള അളവു കുറവിനെ കാണേണ്ടതുള്ളൂ. ഇവ ശരീര വലിപ്പത്തിലും ചെറുതായിരുന്നു. എന്നാൽ ചില കേന്ദ്രങ്ങളിൽനിന്നുള്ള പ്രചരണഫലമായി യൂറോപ്പിൽനിന്നുള്ള പശുവർഗ്ഗങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടു. കൂടുതൽ പാൽ കിട്ടുമെന്നതു മാത്രമായിരുന്നു ഇവയുടെ മേന്മ. തീറ്റ, പരിപാലനം എന്നിവയ്ക്ക് കൂടുതൽ ചെലവ് വേണ്ടിവന്നു. ഇവയ്ക്ക്



*ഗുജറാത്തിലെ ഒരു നാടൻ പശു*

രോഗപ്രതിരോധശേഷിയും കുറവായിരുന്നു. കേരളത്തിലെ പരുക്കൻ കാലാവസ്ഥയിൽ നിരവധി രോഗങ്ങൾ ഇവയെ കീഴടക്കാൻ തുടങ്ങി. യൂറോപ്യൻ സങ്കരയിനം പശുക്കൾ ഇങ്ങനെ നിരവധി ന്യൂനതകളുണ്ടെങ്കിലും ഇവിടെ വ്യാപകമായി പ്രോത്സാഹിക്കപ്പെട്ടു. നാടിന് യോജിക്കുന്ന നാടൻ പശുവിന്റെ ഗുണകണങ്ങൾ മറച്ചുവെയ്ക്കപ്പെട്ടു. തന്മൂലം ഭാരതത്തിലെ എഴുപതോളം ഇനം പശുവർഗ്ഗങ്ങൾക്ക് വംശനാശം സംഭവിച്ചു. ഇനി മുപ്പതോളം ഇനം നാടൻ പശു വർഗ്ഗങ്ങളേ ഭാരതത്തിൽ അവശേഷിക്കുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ ഭാരതത്തിന്റെ പലഭാഗത്തും നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി വിവിധ സംഘടനകൾ ശ്രമമാരംഭിച്ചിട്ടുണ്ട്. അവർ നിരവധി ഗോശാലകൾ നടത്തുകയും ആവശ്യക്കാർക്ക് പശുക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുകയും ചെയ്യുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു സ്ഥാപനം കർണ്ണാടകയിലെ ഹൊസാനഗറിലുള്ള ശ്രീരാമചന്ദ്രപുരം മഠമാണ്. ശ്രീ രാഘവേശ്വര ഭാരതി സ്വാമിയാണ് ഈ മഠത്തിന്റെ അധിപൻ. കേരളത്തിലെ ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നാടൻ പശുക്കൾ വർഗ്ഗസങ്കരണത്തിൽ ഉന്മൂലനം ചെയ്യപ്പെടാതെ ഇപ്പോഴും പരിരക്ഷിക്കപ്പെട്ടതായി കാണുന്നുണ്ട്.

‘കലപ്പ ഞങ്ങളുടെ ഭൂമിയെ സന്തോഷപൂർവം ഉഴട്ടെ
കലപ്പ കാളയോടൊപ്പം സന്തോഷപൂർവം ഉഴട്ടെ
കലപ്പ കാളയോടൊപ്പം സന്തോഷപൂർവം സഞ്ചരിക്കട്ടെ
മഴ സന്തോഷത്തോടെ മധുരപ്രവാഹം കൊണ്ട് ഭൂമി നനക്കട്ടെ’

*-ഋഗ്വേദം*

---

വാർത്തകളിൽ

ലിമാ ന്യൂസ് ഡസ്ക്

# ചക്കയ്ക്കായി ഒരു മിഷൻ

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഫാം ക്ലബ്ബ് പ്രവർത്തകർ ചക്ക കൃഷിയും വിപണനവും ഫലപ്രദമാക്കാൻ ആവശ്യമായ ഇടപെടലുകളും പ്രചാരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത് പ്രസക്തമായ കാര്യങ്ങളാണ്.

ഒരു ‘ജാക്ക്ഫ്രൂട്ട് മിഷൻ’ സ്ഥാപിക്കണമെന്ന ആവശ്യവുമായി ഇവർ അധികൃതരെ സമീപിച്ചുകഴിഞ്ഞു. ഭക്ഷ്യ സുരക്ഷക്ക് ഒരു പ്രധാന ഉപാധിയായി ചക്കയെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട് എന്നാണ് കാഞ്ഞിപ്പുഴ ഫാം ക്ലബ്ബ് പ്രസിഡണ്ട് ജെയിംസ് പി. മാത്യൂ പറയുന്നത്. പോഷകങ്ങളുടെ കലവറയായ ചക്കയിൽനിന്ന് മൂല്യവത്തായ ധാരാളം ഭക്ഷ്യ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാമെന്നും ഇദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ലബോറട്ടറി പരിശോധനയിൽ ചക്കയിൽ 3.65% ലാറിക് ആസിഡ് (Laric Acid) അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മുലപ്പാലിലും പശുവിന്റെയും ആടിന്റെയും പാലിലും അടങ്ങിയിട്ടുള്ള വസ്തുവാണിത്. ചില ത്വക് രോഗങ്ങൾക്ക് ഔഷധച്ചേരുവയായി ഉപയോഗിക്കുന്ന ഒന്നാണ് ലാറിക് ആസിഡ്.

വേനൽക്കാലങ്ങളിൽ ധാരാളമായി ഉണ്ടാകുന്ന ചക്കയുടെ സിംഹഭാഗവും പാഴായിപ്പോവുകയാണ്. ഇളം പ്രായത്തിലുള്ള ചക്ക തൊട്ട് വിവിധ രൂപത്തിലുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കി ചക്കയെ ഉപയോഗപ്പെടുത്തുന്ന വിപണി സാധ്യതകളും ഏറെയാണ്. ചക്കക്കുരു സമ്പന്നമായ പ്രോട്ടീൻ കലവറയാണ്. ചില രാജ്യങ്ങളിൽ കുട്ടികൾക്കുള്ള ടിൻഫുഡ് നിർമിക്കാൻ ചക്കക്കുരു പൗഡർ ഉപയോഗിക്കുന്നുണ്ട്.

# സാരംഗ് തന്ന പാഠങ്ങൾ



ജീവിതത്തിന്റെ ലളിതപാഠങ്ങൾ

അക്കു

**സാരംഗുകാർ സ്വയമെരിഞ്ഞ് ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച മാതൃകകൾ ഇന്ന്, വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളിലായാലും വനവൽക്കരണത്തിലായാലും മണ്ണ് സംരക്ഷണത്തിലായാലും ജൈവകൃഷിയിലും ജലസംരക്ഷണത്തിലുമായാലും സർക്കാരും ഇതര ഏജൻസികളും പ്രയോഗിച്ചു കൊണ്ടിരിക്കുന്നു.**

വെള്ളം എത്ര കരുതലോടെ ഉപയോഗിക്കണമെന്ന് പഠിക്കുന്നത് സാരംഗി ൽ വെച്ചാണ്. ബദൽ വിദ്യാഭ്യാസ പദ്ധതികളും കാടു വളർത്തലും നീർമറി സംരക്ഷണവും പ്രകൃതി കൃഷിയും നാട്ടറിവുകളുടെ പ്രയോഗവും..... ഇങ്ങനെ കേരളം നേരിടുന്ന നിരവധി പ്രതിസന്ധികൾക്ക് പ്രായോഗിക ബദൽ പാഠങ്ങൾ ആദ്യമായി അവതരിപ്പിച്ചത് സാരംഗാ യിരുന്നു. ഗോപാലകൃഷ്ണൻ-വിജയലക്ഷ്മി കുടുംബം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ പത്തു മുപ്പതു കൊല്ലം മുമ്പേ സ്വന്തം ജിവിതം കൊണ്ട് തുടങ്ങിയ സാഹസിക പരീക്ഷണ സംരംഭമാണ് സാരംഗ് .

1986 ൽ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ കിട്ടിയ സൂചിമുഖി മാസികയിലെ സാരംഗുകാരുടെ ചെറുകുറിപ്പുകളിൽ നിന്നാണ് ആദ്യമായി അവരെക്കുറിച്ച് കേൾക്കുന്നത്. അട്ടപ്പാടിയുടെ ഊഷരതയെ ഹരിതകഞ്ചുകമണിയിക്കുന്ന ഈ നിശ്ശബ്ദ വിപ്ലവം നേരിൽ കാണാൻ അന്നേ ആഗ്രഹിച്ചിരുന്നു. പിന്നീട് അഞ്ചു കൊല്ലം കഴിഞ്ഞാണ് ആദ്യമായി സാരംഗിലെത്തുന്നത്. അത്ഭുതമായിരുന്നു അന്ന് തോന്നിയത്. തുലാവർഷം മാത്രം പേരിനു പെയ്യുന്ന അട്ടപ്പാടിയിലെ മൊട്ടക്കുന്നിൽ വനം വളർത്തുന്നതും ലഭ്യമാകുന്ന ഓരോ തുള്ളി വെള്ളവും ഭൂമിയിൽ പിടിച്ചു നിർത്താൻ സ്വീകരിച്ച മാർഗ്ഗങ്ങളും ഒരു കുഞ്ഞ് നീർച്ചാല് പുനർജനിച്ചതും മണ്ണിളക്കാതെയുള്ള കൃഷിയും.... എല്ലാം ആവേശകരമായ അറിവുകളായിരുന്നു. അവരുടെ വീട്, അടുക്കള, ഭക്ഷണരീതി, വസ്ത്രധാരണരീതി, കക്കൂസ് രീതി, കുട്ടികളുടെ വിദ്യാഭ്യാസരീതി.... എല്ലാം പുതുമയും മാതൃകാപരവുമായിരുന്നു. പിന്നീട് പലതവണ കൂട്ടുകാരുമൊത്ത് സാരംഗിന്റെ മല കയറി.

സാരംഗിന്റെ ബദൽ വിദ്യാഭ്യാസ ശില്പശാല എന്റെ വിദ്യാഭ്യാസ ജീവിതസങ്കല്പങ്ങളെ ആഴത്തിൽ സ്വാധീനിച്ച ഒന്നായിരുന്നു. വെള്ളം മിതമായി ഉപയോഗിക്കാൻ എന്നെ പ്രായോഗികമായി പഠിപ്പിച്ചത് സാരംഗിലെ കുട്ടികളായിരുന്നു. ലളിതസുന്ദര ജീവിതത്തിന്റെ മഹത്തരമായ പാഠങ്ങൾ സാരംഗിൽ നിന്ന് പഠിച്ചു.

സാരംഗിൽ നിന്ന് ഗൗതമും മമാസും കുട്ടികളായിരിക്കുമ്പോഴേ എന്റെ വീട്ടിൽ വന്നിരുന്നു. ഭക്ഷണം കഴിച്ചുകഴിഞ്ഞ പ്ലേറ്റ് കഴുകാതെ മേശമേൽ വെച്ച് കൈ കഴുകാൻ പോകുന്നതായിരുന്നു അക്കാലങ്ങളിൽ എന്റെ ശീലം. എന്നാൽ കുട്ടികളായ ഗൗതമും മമാസും സ്വന്തം പ്ലേറ്റുകൾ കഴുകുന്നതും പാചകത്തിലും, കരിപിടിച്ച കലങ്ങൾ കഴുകി വൃത്തിയാക്കാനും എന്റെ ഭാര്യയെയും ഉമ്മയെയും സഹായിക്കുന്നതും കണ്ടപ്പോൾ ഞാൻ തിരിച്ചറിഞ്ഞത് എന്റെ പോരായ്മകളാണ്. ഈ കുട്ടികൾ പഠിപ്പിച്ച സാരംഗ് ശീലങ്ങൾ എന്റെ കുടുംബത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി (ഗൗതം ഇന്ന് ജീവിതപങ്കാളിയും കുഞ്ഞുമൊത്ത് പത്തിരിപ്പാലയിൽ ക്രിയാത്മക പ്രവർത്തനങ്ങളുമായി ജീവിതം നയിക്കുന്നു. മമാസ് ഇന്ന് അറിയപ്പെടുന്ന ചലചിത്ര സംവിധായകനാണ്).



ഗോപാലകൃഷ്ണൻ മാസ്റ്ററും വിജയലക്ഷമി ടീച്ചറും

സാരംഗിനെ അടുത്തറിയാൻ തുടങ്ങിയതോടെ ആ ജീവിത പാഠങ്ങൾ ഞങ്ങളുടെ സുഹൃദ്സംഘത്തെയും സ്വാധീനിച്ചു. ഞങ്ങളുടെ പൊതുപ്രവർത്തന ശൈലി രൂപപ്പെടുത്തുന്നതിൽ നല്ലൊരു പങ്ക് സാരംഗിനുണ്ടായിരുന്നു. ദീർഘകാലം തുടരാനായില്ലെങ്കിലും ഞങ്ങൾ നടത്തിയ റ്റോമോ സ്ക്കൂളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും സാരംഗ് തന്ന ഊർജ്ജത്തിൽ നിന്നായിരുന്നു. അക്കാലങ്ങളിൽ ഇടയ്ക്ക് ഞങ്ങൾ സാരംഗിലെത്തും. ഒരു രാത്രി അവിടെ തങ്ങി മാഷും ടീച്ചറുമൊത്തിരുന്ന് സംസാരിച്ച് ആശയവ്യക്തതയുണ്ടാക്കി തിരികെ പോരുമ്പോൾ നന്നായി ചാർജ്ജ് ചെയ്ത അവസ്ഥയിലാകും.

സാരംഗിന്റെ വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ അനുഭവപാഠങ്ങൾ താങ്ങാവുന്ന വിദ്യാഭ്യാസം (ഡി.സി. ബുക്സ്) എന്ന ഗ്രന്ഥത്തിലുണ്ട്.

സാരംഗ് ഇപ്പോൾ സജീവമല്ലേ എന്നു ചോദിക്കുന്നവരുണ്ട്. ഇത് മലയാളികളുടെ എല്ലാറ്റിന്റെയും കാഴ്ചക്കാർ മാത്രമായി നിന്ന് അഭിപ്രായം പറയുന്ന ശീലങ്ങളിൽ നിന്നുള്ള ചോദ്യമാണ്. വിമർശനങ്ങളും സാരംഗിനു നേരെ ഉണ്ടായി.

കറൻസി കിട്ടുന്ന സർക്കാരുദ്യോഗം വലിച്ചെറിഞ്ഞ് സ്വന്തം ജീവിതം കൊണ്ട് ഇങ്ങനെയൊരു സാഹസത്തിനു മുതിർന്ന മനസ്സിനെയാണ് നാം മാതൃകയാക്കേണ്ടത്. ഒരു പക്ഷേ ഈ ക്രിയാത്മക പരീക്ഷണങ്ങളിൽ പാളിച്ചകൾ വന്നിട്ടുണ്ടാകാം.

സാരംഗുകാർ സ്വയമെരിഞ്ഞ് ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച മാതൃകകൾ ഇന്ന്, വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളിലായാലും വനവൽക്കരണത്തിലായാലും മണ്ണ് സംരക്ഷണത്തിലായാലും ജൈവകൃഷിയിലും ജലസംരക്ഷണത്തിലുമായാലും സർക്കാരും ഇതര ഏജൻസികളും പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. ഇന്ന് നമുക്കിതെല്ലാം ഒരു സാധാരണ കാര്യമായി തോന്നുന്നുണ്ടാകാം.

അവരിപ്പോഴും കത്തി തീരാത്ത ഊർജ്ജവും പ്രവർത്തന പദ്ധതികളുമായി അട്ടപ്പാടി മലമുകളിലെ സാരംഗിൽ അർത്ഥവത്തായ ജീവിതവുമായി മുന്നോട്ടു പോകുന്നു. സൈക്കിളിൽ യാത്രചെയ്ത് രക്ഷിതാക്കളെ കണ്ട് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആശയങ്ങൾ പങ്കുവെയ്ക്കണം, ഇങ്ങനെയുള്ള പുതിയ പദ്ധതികളുടെ ആലോചനയിലാണ് സാരംഗുകാർ ഇപ്പോൾ. സുമനസ്സുകളുടെ പിന്തുണ സാരംഗിന് ആവശ്യമുണ്ട്.


*(സാരംഗ്, അഗളി ചിറ്റൂർ പി.ഒ, മണ്ണാർക്കാട് വഴി, പാലക്കാട്. ഫോൺ: 04924 209038)*

കവിത

എൻ.എൻ.സുരേന്ദ്രൻ

## ജീവിതം

പാറ്റിക്കൊഴിച്ചിട്ടും
പാറുന്നില്ല പതിര്.
കുറുകുന്നു ജീവിതം
ആറ്റിക്കുറുക്കാഞ്ഞിട്ടും.



പെയ്ന്റിംഗ്: കാതറിൻ മാത്യൂസ്

സുകേതു

## തെറ്റ്

ഞാനിപ്പഴും നാടനാണ്, തനി അല്ലെങ്കിലും.
വിളിച്ചുണർത്താൻ ഒന്നല്ല രണ്ടു പൂവനുണ്ട്.
വെള്ളയും പിന്നെ കഴുത്തിന് പൂടയില്ലാത്തതും.
അമ്പലത്തിലെ-യേശുദാസിന്റെ- പാട്ടിനു
മുമ്പേ വിളി തുടങ്ങും.
വേറെ പണിയൊന്നുമില്ലല്ലോ വീട്ടില്?
കൊറച്ച് കോയീനെ പോറ്റിക്കൂടേ?
ടീവീന്റെ മുന്നിൽ പടിഞ്ഞിരിക്കുന്ന കുട്ട്യേളെ
മുറ്റത്തിറക്കാൻ പറ്റ്യ പണിയാ...
മക്കളെ കുറ്റപ്പെടുത്തീട്ടൊന്നും കാര്യമില്ല.
ഞാനും നീയും തന്നെയാ ചങ്ങാതീ തെറ്റ്!

കവിത

കലാചന്ദ്രൻ

## മുറി

അനേകമാളുകൾ
അവളിലൂടെ
കടന്നുപോയിട്ടുണ്ട്.
ഉപേക്ഷിക്കപ്പെട്ട ചെരുപ്പുകൾ,
സിഗരറ്റ് കുറ്റികൾ
മിഠായിക്കടലാസുകൾ
അഴുകിയ നനവു മണങ്ങൾ.

ഇപ്പോൾ
ഉണങ്ങിയ
മധുരം മണക്കുന്ന
വാക്കുകളുടെ തടവറയിൽ നിന്നും
അവളവരെ
കണ്ടെടുക്കുന്നു.



കവിത

എം. കേശവൻ നായർ

## സ്വാശ്രയം

തലയിലെ വര മാറ്റാൻ
തല വേണ്ട
വര വേണ്ട
തലമണ്ട
പുകയണ്ട
തലവരി മതിയെത്ര!
(അരിയെത്ര?
പയറഞ്ഞാഴി)

പുസ്തകം

**വാക്കേറ് (പത്രാധിപക്കുറിപ്പുകൾ)**
നൂറനാട് മോഹൻ




1986 ജനുവരിയിൽ ഇൻലന്റ് രൂപത്തിൽ പ്രസിദ്ധീകരണം തുടങ്ങിയ ഉണ്മ മിനി മാസികയിലെ പത്രാധിപക്കുറിപ്പുകളുടെ സമാഹാരം. ചെറുതിന്റെ ശക്തി ബോധ്യപ്പെടുത്തുന്ന കുറിപ്പുകൾ. പലപ്പോഴും സാമൂഹ്യ വിമർശനത്തിന്റെ അക്ഷര പോരാട്ടമാവുന്നു.

**ഉണ്മ പബ്ലിക്കേഷൻസ്**
നൂറനാട് പി.ഒ, ആലപ്പുഴ - 690504
പേജ് 280
വില 190 രൂപ

**കളരിപ്പയറ്റും ഞാനും (ഒരു വിദ്യാർഥിയുടെ കുറിപ്പുകൾ)**
ഗീതി. കെ.ബി

കളരിപ്പയറ്റിന്റെ അനുഭവലോകത്തിലൂടെ ഒരു പെൺകുട്ടിയുടെ സഞ്ചാരം. വയനാട് 'കനവ്' വിദ്യാർഥിനി ഗീതി കെ.ബിയുടെ അപൂർവതയാർന്ന ഗ്രന്ഥം.




**ചിന്ത പബ്ലിക്കേഷൻസ്**
തിരുവനന്തപുരം - 695001
പേജ് 80
വില 55 രൂപ

കഥ
അഷ്റഫ് ആഡൂർ

# കടലെഴുത്ത്

ഞങ്ങൾ ആദ്യമായാണ് ഒന്നിച്ച് കടൽ കാണാൻ വരുന്നത്. കടലു കാണുന്നതിന്റെ കൗതുകം അവളുടെയും കുട്ടികളുടെയും കണ്ണുകളിൽ നിറഞ്ഞു കാണാമായിരുന്നു. ഇടക്കിടെ സാരിത്തലപ്പു നോക്കി കാൽവെള്ളയിൽ കടൽനുരകളേറ്റുവാങ്ങിക്കൊണ്ട് അവളും, തിരമുറിച്ച് ഓട്ടപ്പന്തയം നടത്തിക്കൊണ്ട് കുട്ടികളും തിമിർക്കുന്നു.

പെട്ടെന്നാണ് പഴയ കടലോർമ എന്നെ തൊട്ടത്. ഞാൻ മുട്ടുകുത്തിയിരുന്ന് ചൂണ്ടുവിരൽ മണലിലേക്കിറക്കി. കൗതുകത്തോടെ അവളും കുട്ടികളും എനിക്കുചുറ്റും നിന്നു. നോക്കിക്കോളൂ, ഞാനൊരു വാചകമെഴുതും. എഴുതിക്കഴിയുമ്പോഴേക്കും അക്ഷരങ്ങൾ തിര വന്ന് മായ്ച്ചുകളയും. അവൾ എന്നെ നോക്കി. എനിക്കാമറിയാമെന്ന മട്ടിൽ കണ്ണിറുക്കി. 'പരശുരാമനോടു തോറ്റ കടലേ.' എന്നു ഞാൻ എഴുതിയിട്ടു. നിമിഷങ്ങൾ... എനിക്കാധിയായി. കടലമ്മ ചതിക്കോ...? "അച്ഛാ, തിര വരാത്തതെന്തേ...?" മക്കളുടെ ധൃതിയും അവളുടെ കാത്തിരിപ്പും എന്നെ കൊളുത്തിവലിച്ചു.

കടലമ്മ പിണക്കമാണെന്നു തോന്നുന്നു.

നമുക്ക് ഇനിയൊരിക്കൽ എഴുതിയിടാം.

പറഞ്ഞുതീർന്നതും പടുകൂറ്റൻ തിരമാലകൾ കടലിൽ രൂപംകൊണ്ടു. മടക്കുമടക്കുകളായി അവ ഞങ്ങൾക്കരികിലേക്ക് പാഞ്ഞുവന്ന് ചീറ്റിയടിച്ചു.

ഞങ്ങളുടെ അരയോളവും കുട്ടികളുടെ കഴുത്തറ്റവും തിര നനച്ചു.

സാരമില്ല, പറഞ്ഞത് ഫലിച്ചല്ലോ.

ഞങ്ങൾ കൗതുകത്തോടെ മണലിലേക്ക് എത്തിനോക്കി. ഞാൻ എഴുതിയതു മുഴുവൻ കടൽ നക്കിത്തുടച്ചിട്ടുണ്ട്. പക്ഷേ, പകരം മറ്റൊരു എഴുത്ത് രൂപംകൊണ്ടിട്ടുണ്ട്. ഞങ്ങൾ അതിശയത്തോടെ ആ കടലെഴുത്ത് വായിച്ചു. അതൊരു താക്കീതായിരുന്നു.

മേലിൽ കരയിൽ വിരലുകൊണ്ടെഴുതിയിടരുത്.
ഇ മെയിൽ അയയ്ക്കുക.
എന്ന് സ്വന്തം
കടലമ്മ@gmail.com

*(കൈരളി ബുക്സ് പ്രസിദ്ധീകരിച്ച അഷ്റഫ് ആഡൂരിന്റെ 'പെരുമഴയിലൂടൊരാൾ' എന്ന കഥാസമാഹാരത്തിൽനിന്ന്)*

---

**അക്ഷയകവിതകൾ** (കവിതകൾ)
എഡി: ശ്രീകല പുതക്കുളം



അക്ഷയ കവിതാ പുരസ്കാര പരിഗണന ലഭിച്ച കവിതകളുടെ സമാഹാരം. പുതുകവിതകളുടെ ഭാവുകത്വത്തിന്റെ വൈവിധ്യം അനുഭവപ്പെടുന്ന രചനകൾ.

**രണവേദി പുസ്തകശാല**
കൊല്ലം - 691574
പേജ് 82
വില 60 രൂപ

## 125-ാം ലക്കം പ്രത്യേക പതിപ്പ്

2011 ജനുവരിയിൽ ലിറ്റിൽ മാസിക 125 ലക്കം പൂർത്തിയാക്കുമ്പോൾ, പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു. കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, കത്തുകൾ, കാർട്ടൂണുകൾ, പഠനങ്ങൾ, കഥകൾ, കവിതകൾ....

ലിറ്റിൽ മാസികയുടെ ഈ പ്രത്യേക പതിപ്പിന്റെ ഉള്ളടക്കത്തെക്കുറിച്ച് എല്ലാവർക്കും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാം. രചനകൾ അയയ്ക്കാം.

വിവരങ്ങൾക്ക് എഴുതുക / വിളിക്കുക

*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം*
*പിൻ: 679334*
*ഫോൺ: 9946428284, 9995264564*
*ഇ-മെയിൽ:* littlemasika@gmail.com



## വാൾഡൻ വീണ്ടും മലയാളത്തിൽ




വായിച്ചവരെയെല്ലാം ആത്മീയമായി പ്രചോദിപ്പിച്ച ഹെൻറി ഡേവിഡ് തോറോയുടെ പ്രസിദ്ധ പുസ്തകത്തിന്റെ പരിഭാഷ വർഷങ്ങൾക്കു ശേഷം വീണ്ടും മലയാളത്തിൽ. ലോകമുണർത്തിയ ഏറ്റവും മൃദുവായ ശബ്ദങ്ങൾക്ക് കാതുകൊടുത്തു ജീവിച്ച വാൾഡൻ തടാകതീരത്തെ തോറോയുടെ ജീവിതപാഠ കുറിപ്പുകൾ.

വായിക്കുന്നവർക്ക് ജീവിതത്തോട് കുറച്ചുകൂടി സത്യസന്ധരായിരിക്കാൻ സഹായിക്കുന്ന രചന.

ഗാന്ധിജി, ടോൾസ്റ്റോയ്, ഹെമിംഗ്വേ, മാർട്ടിൻ ലൂഥർകിംഗ് തുടങ്ങിയവരെ ആഴത്തിൽ സ്വാധീനിച്ച മഹദ്ഗ്രന്ഥം

**വാൾഡൻ അഥവാ കാനന ജീവിതം**
(ആത്മകഥാ കുറിപ്പുകൾ)
ഹെൻറി ഡേവിഡ് തോറോ
വിവ: എം. കമറുദ്ദീൻ

**കറന്റ് ബുക്സ് തൃശൂർ**
പേജ് 450
വില 250 രൂപ

മീഡിയ

ലിമാ ന്യൂസ് ഡസ്ക്

# ചിക്കാഗോ റീഡർ

CHICAGO READER

**സാധാരണ ജീവിത സന്ദർഭങ്ങളെക്കുറിച്ച് മാത്രം സംസാരിക്കുന്ന അമേരിക്കയിലെ ഒരു ആൽട്ടർനേറ്റീവ് പ്രസിദ്ധീകരണത്തെപ്പറ്റി...**

ചിക്കാഗോ റീഡർ, അമേരിക്കയിലെ ഒരു ആൾട്ടർനേറ്റീവ് പ്രസിദ്ധീകരണം. കല, സംസ്കാരം, സിനിമ, നാടകം എന്നീ മേഖലകളിൽ മികവുറ്റ, വേറിട്ട കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന റീഡറിൽ പക്ഷേ സാധാരണ രാഷ്ട്രീയ വാർത്തകൾ ഇല്ല.

1971-ൽ റോബർട്ട് രോത്ത് ആരംഭിച്ചു. ഇപ്പോൾ ഒരു ലക്ഷം കോപ്പികൾ എല്ലാ വ്യാഴാഴ്ചകളിലും തെരുവ് പെട്ടിക്കടകളിലൂടെയും ചില്ലറ വിൽപന കേന്ദ്രങ്ങളിലൂടെയും തികച്ചും സൗജന്യമായി വിതരണം ചെയ്യപ്പെടുന്നു. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ ഇടം കണ്ടെത്താത്ത കലാ-സാംസ്ക്കാരിക ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന ആൾട്ടർനേറ്റീവ് പ്രസിദ്ധീകരണങ്ങൾ അമേരിക്കയിൽ നിരവധിയാണ്. അതിൽ തന്നെ ലക്ഷണമൊത്ത മികച്ച ഒരു പ്രസിദ്ധീകരണമാണ് ചിക്കാഗോ റീഡർ.

സൗജന്യ പ്രസിദ്ധീകരണം എന്ന വിപ്ലവകരമായ നിലപാടിന് പിന്നിൽ സ്ഥാപകനായ റോബർട്ട് രോത്തിന്റെ ദീർഘവീക്ഷണവും ഭാവനയുമാണ്. വാർത്തകൾ റീഡറിൽ വരാറില്ല. 'പഴയ കാര്യങ്ങൾ വിവരിക്കാൻ വേറെയും പ്രസിദ്ധീകരണങ്ങൾ ഉണ്ടല്ലോ. നമ്മുടെ സാധാരണ ജീവിതസന്ദർഭങ്ങളെ കുറിച്ച് മാത്രമാണ് ഞങ്ങൾ പറയുന്നത്. തെരുവ് വ്യാപാരികളും, വീട്ടമ്മയും, വിദ്യാർത്ഥിയും ആണ് ഞങ്ങളുടെ ലക്ഷ്യം. അവരെയാണ് ഞങ്ങൾ വിഷയമാക്കുന്നത്.' റീഡറിന്റെ ഈ എഡിറ്റോറിയൽ പോളിസിയിൽ ആർക്കാണ് താല്പര്യം ഇല്ലാതിരിക്കുക?

---

കർമ്മരംഗം

ലിമാ ന്യൂസ് ഡസ്ക്

# സ്നേഹത്തിനു പകരം കരുണ

**'വെജ്' മാസിക സംഘടിപ്പിക്കുന്ന 'ചിന്തനസദസ്സ്' എന്ന പ്രസക്തമായ കൂടിച്ചേരലിനെക്കുറിച്ച്**

മനുഷ്യരാശിയുടെ മഹാവൈദ്യന്മാരായ സോക്രട്ടീസ് അറിവിനെക്കുറിച്ചും, ശ്രീബുദ്ധൻ കരുണയെക്കുറിച്ചും, യേശുക്രിസ്തു സ്നേഹത്തെക്കുറിച്ചും, മുഹമ്മദ് നബി സാഹോദര്യത്തെക്കുറിച്ചും, കാറൽ മാർക്സ് സമത്വത്തെക്കുറിച്ചും, ഗാന്ധി അഹിംസയെക്കുറിച്ചും, നാരായണഗുരു ജീവകാരുണ്യത്തെക്കുറിച്ചും പറഞ്ഞുതന്നു. ഇന്നത്തെ പ്രശ്നങ്ങൾക്ക് ഇതിൽ ഏതാണ് ഫലപ്രദമായ ഔഷധം?

അതോ മരുന്ന് വേറെ കണ്ടെത്തണോ? ഇക്കാര്യങ്ങൾ ഒന്ന് മനനം ചെയ്ത ശേഷം ചിന്തന സദസ്സിൽ പങ്കെടുക്കുക. ക്ഷണിക്കുന്നു.

ആലുവ, മാറാട്, ഗുജറാത്ത്, ഒറീസ്സ, മഗ്‌ലോവ്. കൊടുങ്ങല്ലൂർ, കണ്ണൂർ, പഞ്ചാബ്, ശ്രീലങ്ക, ഛത്തീസ്ഗഢ്, മുംബൈ, മണിപ്പൂർ, ഇറാഖ്, അഫ്ഗാനിസ്ഥാൻ, ഫലസ്തീൻ...... സ്ഥലവും ടീമും മാറുന്നുവെന്നേയുള്ളൂ. ഭരണകൂടം, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മതങ്ങൾ, ഇവയാണ് നായകർ. ചെയ്തികളെല്ലാം ഒന്നാണ് ക്രൂരത! നമുക്കീ ആധികൾക്കും വ്യാധികൾക്കും പരിഹാരം കാണാൻ ശ്രമിക്കേണ്ടേ? അണ്ണാറക്കണ്ണനും തന്നാലായത് എന്നല്ലേ ചൊല്ല്.

സഹോദരരേ,

മനുഷ്യർ മനുഷ്യരോട് എന്തേ ഇത്ര ക്രൂരമാകുന്നു. ഇതിന്റെ ഡ്രസ്സ് റിഹേഴ്സൽ എവിടെയാണ്? മിണ്ടാപ്രാണികളോട് ചെയ്യുന്ന ക്രൂരതയുടെ ശാപമാണോ മനുഷ്യരിൽ പതിക്കുന്നത്? തമ്മിൽ തല്ലി നശിക്കാനാണോ മനുഷ്യരുടെ വിശേഷബുദ്ധി? ഈ കാലഘട്ടത്തിലെ സാമൂഹ്യവ്യാധികൾക്ക് എന്താണ് ശുശ്രൂഷയും ഔഷധവും? പരസ്പരസ്നേഹമോ കരുണയോ ഇനി മനുഷ്യരിൽ നിറയേണ്ടത്? ശ്രീബുദ്ധനും ഗാന്ധിയും നാരായണഗുരുവും സ്നേഹത്തെപ്പറ്റി എന്തേ പറഞ്ഞില്ല? പകരമെന്താണിവർ മനുഷ്യരാശിക്കായി കരുതിവെച്ചത്? നമുക്ക് സ്ഥായിയായി പരിഹാരങ്ങൾ തേടാം.

2010 സെപ്റ്റംബർ 4 ന് ശനി 5.15 നും 5 ന് ഞായർ 4 മണിക്കും

**ചിന്തനസദസ്സ്**

മനുഷ്യരാശിയുടെ ഭാവിയിൽ ഉത്കണ്ഠയും പ്രതീക്ഷയുമുള്ളവരെ പ്രത്യേകം ക്ഷണിക്കുന്നു.

വിശിഷ്ടാതിഥി അത് താങ്കളാണ്.

ഏവർക്കും സ്വാഗതം.

ബന്ധങ്ങൾക്ക്:
*ഡേവിഡ് വളർകാവ്*
*വെജ് മാസിക*
*'ഗ്രീൻ ഹോം'*
*പൊന്നൂർക്കര പി.ഒ, തൃശൂർ.*
*ഫോൺ: 9895148998*

**ലിറ്റിൽ മാസിക തപാലിൽ കിട്ടാൻ**

**16 ലക്കങ്ങൾക്ക് 100 രൂപ വരിസംഖ്യ അയയ്ക്കുക**

**വരിസംഖ്യ M.O അയക്കുന്നവർ ദയവായി ശ്രദ്ധിക്കുക. M.O ഫോറത്തിന്റെ സന്ദേശം എഴുതുന്നിടത്ത് മലയാളത്തിൽ പൂർണ്ണമായ വിലാസം എഴുതുക.**

വേറിട്ട ജീവിതം

ലിമാ ഫീച്ചേഴ്സ്

# ഒരു വെൽഡറുടെ പുരാവസ്തു പ്രണയം




കണ്ടെടുത്ത നന്നങ്ങാടിയോടൊപ്പം അനിൽ

വർക്ക്ഷോപ്പിൽ വെൽഡിംഗ് ജോലികളിൽ മുഴുകുമ്പോഴും അനിലിന്റെ മനസ്സു നിറയെ പുരാവസ്തുക്കളെക്കുറിച്ചുള്ള ചിന്തകളാണ്. വെൽഡിംഗ് വർക്കിനു വരുന്നവരോട് ജോലിക്കിടയിൽ കുശലം ചോദിച്ചു, പിന്നെ അനിൽ പതിയെ അന്വേഷിക്കും. എന്തെങ്കിലും കൗതുകകരമായ പഴഞ്ചൻ വസ്തുക്കൾ വല്ലതും വീട്ടിൽ ഉണ്ടോ? ഉണ്ടെന്നറിഞ്ഞാൽ അത് തനിക്ക് കൗതുകമുള്ളതാണെങ്കിൽ ലഭ്യമായി കിട്ടാൻ അപേക്ഷയിൽ തുടങ്ങി ആവശ്യമെങ്കിൽ പണം നൽകി തന്റെ ശേഖരത്തിലേക്ക് മുതൽക്കൂട്ടാക്കുന്നു. പണികഴിഞ്ഞ് കിട്ടുന്ന ഇടവേളകളിൽ ഇയാൾ പുരാവസ്തുക്കൾ തേടിയിറങ്ങും. ഇങ്ങനെ അനിൽ സ്വരുക്കൂട്ടിയ പുരാവസ്തു ഇനങ്ങൾ ഇരുനൂറോളം വരും. അപൂർവമായ നാണയങ്ങൾ, കറൻസികൾ, സ്റ്റാമ്പുകൾ, താളിയോലകൾ, ചെപ്പേടുകൾ, പുരാതന കാർഷിക ഉപകരണങ്ങൾ, ദിവാൻ ഭരണകാലത്തെ ഭൂരേഖകൾ..., ഇങ്ങനെ അനിൽ 15 വർഷങ്ങൾകൊണ്ട് സമ്പാദിച്ചുകൂട്ടിയ പുരാവസ്തുക്കൾ നിരവധിയാണ്.

തന്റെ സമ്പാദ്യത്തിലെ മിക്കവസ്തുക്കളും കിട്ടാൻ ആളുകൾക്ക് വില കൊടുക്കേണ്ടിവന്നിട്ടുണ്ട്. കണക്കു കൂട്ടി നോക്കിയാൽ രണ്ടര ലക്ഷത്തോളം രൂപ ഈയിനത്തിൽ ചെലവഴിച്ചുകഴിഞ്ഞു. സ്വന്തമായി ഒരു വീടായിട്ടില്ലെന്ന സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നു.

മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തിലെ കുളക്കാട്ടിരി എന്ന കുഗ്രാമത്തിലാണ് അനിൽ താമസിക്കുന്നത്. തറവാടു വീടിന്റെ ഒരു ഭാഗമാണ് ഇയാളുടെ മ്യൂസിയം. എടവണ്ണ ജെ.ജെ. ഇൻഡസ്ട്രീസിലെ വെൽഡിംഗ് തൊഴിലാളിയാണ് അനിൽ എന്ന നാല്പതുകാരൻ.

ഈയടുത്ത് വാണിയമ്പലം ഭാഗത്ത് ഒരു നന്നങ്ങാടി കണ്ടെത്തിയെന്നറിഞ്ഞ് അവിടെയെത്തി അത് കിട്ടാൻ ഏറെ പണിപ്പെട്ടിട്ടുണ്ട് അനിൽ. സർവ്വകലാശാലയിലെ ചരിത്രവിഭാഗക്കാർ വന്ന് കുഴിച്ചെടുക്കാതെ ഉപേക്ഷിച്ചുപോയത് അനിൽ രണ്ടായിരത്തോളം രൂപ ചെലവഴിച്ചാണ് പുറത്തെടുത്തത്.

തന്റെ അപൂർവ്വ ശേഖരം സമീപ പ്രദേശങ്ങളിലെ വിവിധ വിദ്യാലയങ്ങളിലും മറ്റു ചില പരിപാടികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പുതിയ തലമുറയ്ക്ക് വിജ്ഞാനം പകരാൻ തന്റെ ശേഖരം കൊണ്ട് സാധിക്കുന്നുവെന്നത് ഏറെ സന്തോഷമുള്ള കാര്യമാണെന്ന് അനിൽ പറയുന്നു.

ഒരു കൂലിപ്പണിക്കാരൻ പണം ചെലവിട്ട് ഇങ്ങനെ പുരാവസ്തു പ്രേമവുമായി നടക്കുന്നതിനെ 'വട്ടാ'യി പരിഹസിക്കുന്നവരുമുണ്ട്.

മാറാരോഗം ബാധിച്ചവർക്ക് ആശ്വാസം പകർന്നുകൊടുക്കാനും അനിൽ സമയം കണ്ടെത്താറുണ്ട്.

പഴമയുടെ ഗന്ധം പേറുന്ന ഈ സാമഗ്രികളുടെ നടുവിൽ നിന്നുകൊണ്ട് അനിൽ എന്ന കൂലിപ്പണിക്കാരൻ തന്റെ സ്വപ്നങ്ങൾ പങ്കുവെക്കുന്നു. അത് ഒരു വീട് വെക്കുന്നതിനെക്കുറിച്ചു മാത്രമല്ല. പണ്ട് പ്രചാരത്തിലുണ്ടായിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ ആയിരം രൂപയുടെ കറൻസി എങ്ങനെയെങ്കിലും സംഘടിപ്പിക്കണം. പിന്നെ, വൃക്കരോഗം ബാധിച്ച ഒരു കുട്ടിയെ സഹായിക്കാനായി തന്റെ ശേഖരങ്ങൾ ഒന്ന് പ്രദർശിപ്പിച്ച് അല്പം പണം സമാഹരിക്കാനായെങ്കിൽ...!

അനിലിന്റെ വിലാസം: അനിൽ പ്രകാശ്, പെരിക്കാത്ര വീട്, കുളക്കാട്ടിരി, തിരുവാലി പി.ഒ, മലപ്പുറം ജില്ല. ഫോൺ: 9745092834

ശ്രദ്ധാഞ്ജലി

# മോഹൻദാസ് കാരക്കുന്നിന് ആദരാഞ്ജലികൾ...



കഴിഞ്ഞ മാസം നമ്മോട് വിടപറഞ്ഞ കവിയും സാംസ്കാരിക പ്രവർത്തകനുമായിരുന്ന മോഹൻദാസ് കാരക്കുന്നിന് ലിറ്റിൽ മാസിക പ്രവർത്തകരുടെ ഹൃദയാഞ്ജലി. എൺപതുകളുടെ തുടക്കത്തിൽ മഞ്ചേരിയിൽനിന്നും 'മുഖം' എന്ന ഇൻലെൻഡ് മാസികയുമായി സാംസ്കാരികരംഗത്ത് പ്രതിരോധങ്ങളുടെ അക്ഷരപ്പൂക്കൾ വിരിയിക്കാൻ തീക്ഷ്ണമായ പ്രവർത്തനങ്ങളിൽ ഇദ്ദേഹം സജീവമായിരുന്നു. കവിതയെഴുത്തിലും സാംസ്കാരിക പ്രവർത്തനങ്ങളിലും പുരോഗമന പക്ഷത്ത് നിലകൊണ്ട മോഹൻദാസ്, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലയാളം അധ്യാപകനായി കർമനിരതനായിരുന്നു. 'വംശഗാഥ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നെടുമങ്ങാട് കത്ത്

വി.സി. അഭിലാഷ്

# രണ്ടു ദാസും പത്രവിശേഷവും

എന്റെ നെടുമങ്ങാട്ട്, പണ്ട് ഷാപ്പിൽ ദാസ് എന്ന പേരിലൊരു കള്ളുഷാപ്പ് തൊഴിലാളി ഉണ്ടായിരുന്നു. അങ്ങേരിപ്പോ നല്ല അബ്കാരി മുതലാളിയാണ്. പത്രഭാഷയിൽ മദ്യരാജാവ്.

ഇത്തവണത്തെ മാതൃദിനത്തിൽ കേരളകൗമുദി സപ്ലിമെന്റിൽ ദാസ് എന്ന പഴയ ഷാപ്പുപണിക്കാരന്റെ ഭാര്യയും അഞ്ച് ആൺകുട്ട്യോളും ചിരിച്ചിരിക്കുന്നു. ഫുൾപേജ് വിശേഷം. അഞ്ചാൺമക്കളെ പെറ്റുവളർത്തിയ ഒരമ്മ...! നാന്നൂറുകോടി വാർഷിക വിറ്റുവരവുള്ള ഒരാളുടെ ഭാര്യയുടേയും മക്കളുടേയും ഇക്കഥ പത്രത്തിൽ വായിക്കുമ്പോൾ എന്റെ തൊട്ടടുത്ത് ചെല്ലമ്മയമ്മയുണ്ടായിരുന്നു.

കൊല്ലങ്കാവ് എന്നു പേരുള്ള എന്റെ ഗ്രാമത്തിലെ ഒരു കോണിൽ ബുദ്ധിമാന്ദ്യം സംഭവിച്ച മധ്യവയസ്ക്കരായ മൂന്ന് ആൺമക്കൾക്ക് തുണയായി ജീവിക്കുന്ന ഒരമ്മ. ഈയമ്മ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ സ്വിമ്മിംഗ് പൂളിൽ കുളിക്കാൻ പോകുന്ന അമ്മയല്ല. ബെൻസ് കാറിൽ നാടു ചുറ്റുന്ന ആളല്ല. ഈയമ്മയെ മറന്നുപോയി പത്രക്കാർ. ദാസിന്റെ ഭാര്യയെക്കുറിച്ചുള്ള മഹത്വവർത്തമാനം വായിച്ചിരിക്കെ, ഇതേ കോളത്തിൽ മറ്റൊരു ഉപകോളം. ദാസിന്റെ വീട്ടിൽ അന്നേരം അപ്രതീക്ഷിതമായി ഒരതിഥിയെത്തി, മറ്റാരുമല്ല സാക്ഷാൽ ഗാനഗന്ധർവ്വൻ യേശുദാസ്. തിരുവനന്തപുരത്തെത്തിയാൽ ദാസിന്റെ വീട്ടിൽ കയറാതെ ഈ ദാസ് പോകാറില്ല.

ഞെട്ടലായിരുന്നു. രണ്ട് വർഷം മുമ്പ് തിരുവനന്തപുരത്തെ വി.ജെ.റ്റി. ഹാളിൽ ഗാന്ധിജയന്തി ദിനത്തിൽ മദ്യത്തിനെതിരെ ഉദ്ഘോഷിച്ച, ഗാനഗന്ധർവ്വന് അബ്കാരി കൂട്ട്? സ്കൂളിൽ പഠിച്ച കാലത്ത് സ്ലേറ്റ് പെൻസിൽ പങ്കുവെച്ച് തുടങ്ങിയ ബന്ധമല്ലെന്നോർക്കണം. പണത്തിന്റെയും പത്രാസിന്റെയും പിൻബലത്തിൽ ഏച്ചുകെട്ടിയ കൂട്ടാണ്. പാട്ട് ദാസിന് കള്ള് ദാസിന്റെ കൂട്ട് ഈ രണ്ട് ദാസുമാർ.


കുറഞ്ഞത് നാലായിരം കുടുംബങ്ങളെങ്കിലും അബ്കാരി ദാസിന്റെ മദ്യമടിച്ച് തകർച്ചയുടെ വക്കിലാണ്. നിരവധി പേർ കരൾ രോഗം പിടിപെട്ട് മരിച്ചിട്ടുമുണ്ട്. കൂടാതെ പരിസ്ഥിതിയെ പരിഗണിക്കാതെ നാടുമുഴുവൻ നിലം നികത്തി ദാസ് പടുത്തുയർത്തിയ കൊട്ടാരങ്ങൾ.....

പ്രസക്തി

ലിമാ ന്യൂസ് ഡസ്ക്

# ഇരകൾക്ക് പറയാനുള്ളത്...

## കേരള യുക്തിവാദി സംഘം സംഘടിപ്പിച്ച 'ഇര'കളുടെ കൂടിച്ചേരലിനെക്കുറിച്ച്...



വര : ഡോ.റ്റി.റഹിമാൻ

ജീവിതത്തിൽ സ്വതന്ത്രവും മതേതരവുമായ നിലപാടുകൾ സ്വീകരിച്ചതിന്റെ പേരിൽ മത-സത്വവാദികളുടെ പീഡനങ്ങൾക്കിരയാകുന്നവരെക്കുറിച്ച് നാം മാധ്യമങ്ങളിലൂടെ അറിയുന്നു. പലപ്പോഴും ക്രൂരമായ പീഡനങ്ങളെ ഇവർ എങ്ങനെ നേരിട്ടുവെന്ന് ഇപ്പോഴും തളരാത്ത വീര്യത്തിൽ സ്വന്തം നിലപാടുകളുമായി ഇവരെങ്ങനെ ജീവിക്കുന്നുവെന്നും പിന്നീടാരും ശ്രദ്ധിക്കാറില്ല. എന്നാൽ, 'ഇരകൾ'ക്ക് ഒത്തുകൂടാനുള്ള ഒരു വേദി ഇക്കഴിഞ്ഞ സെപ്തംബർ അഞ്ചിന് മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഉണ്ടായി.

സ്നേഹം, സമാധാനം, ക്ഷമ, സാഹോദര്യം തുടങ്ങിയ ശ്രേഷ്ഠ ഗുണങ്ങളുടെ കയ്യാൾ ചമയുന്നവരാണ് ഇന്നത്തെ മതസ്വത്വവാദികൾ. എന്നാൽ ഇവരുടെ അധമ ചെയ്തികളുടെ ഫലം അനുഭവിച്ചവരുടെ എണ്ണം ഓരോ ദിവസവും പെരുകുന്നു. ഓരോ ദിവസവും ആരുടെയെങ്കിലും കൈ വെട്ടുന്നുണ്ടോ, കാൽ വെട്ടുന്നുണ്ടോ, തല വെട്ടുന്നുണ്ടോ എന്ന ഭീതിയോടെയാണ് ദിവസങ്ങൾ തള്ളിനീക്കുന്നത്. മതസ്വത്വവാദികളുടെ പീഡനങ്ങൾക്കിരയായവരുടെ ഒത്തുചേരൽ സെപ്റ്റംബർ 5 ന് നിലമ്പൂർ പീവീസ് ഓഡിറ്റോറിയത്തിൽ വെച്ച് കേരള യുക്തിവാദിസംഘം സംഘടിപ്പിച്ചത് ഈ കാലത്ത് അങ്ങേയറ്റം പ്രസക്തമായ ഇടപെടലാണ്.

ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകം എഴുതി ക്രിസ്ത്യൻ മതവിഭാഗത്തിന്റെയും ഭരണകൂടത്തിന്റെയും പീഡനങ്ങൾ ഏറ്റുവാങ്ങിയ പി.എം. ആൻറണിയായിരുന്നു സമ്മേളനം ഉദ്ഘാടനം ചെയ്തത്.

താൻ പിന്തുണയ്ക്കുന്ന മതേതര മൂല്യങ്ങളുടെ പേരിൽ ക്രൂരമായി ആക്രമിക്കപ്പെട്ട് കഷ്ടിച്ച് ജീവൻ രക്ഷപ്പെട്ട ഷംസു പുന്നയ്ക്കൽ അനുഭവം വിവരിച്ചപ്പോൾ സദസ്സ്യർ തരിച്ചിരുന്നുപോയി.

മതഭീകരവാദികളുടെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായി ചിന്തിക്കുന്നവരെ ഉന്മൂലനം ചെയ്യാൻ അന്യനാട്ടിൽ നിന്നും ഗുണ്ടകളെ വരുത്തി ക്രൂരമായി അക്രമം അഴിച്ചുവിടുന്നതിനെ കുറിച്ച്, അതിന് ഇരകളായ മുസ്തഫ പുല്ലാര, അബ്ദുൽ ഷമീഹ്, ആന്റണി പെരിന്തൽമണ്ണ, റോയ് ചെമ്പൻകൊല്ലി, അഷ്റഫ് താളിപ്പാടം തുടങ്ങിയവർ വിവരിച്ചു.

മതവിഭാഗങ്ങളെ തൊട്ടു കളിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും ധൈര്യപ്പെടാത്ത കാലമാണിത്. കപട മതേതരത്വത്തിന്റെ പേരിൽ ഇടതുപക്ഷ പാർട്ടികൾ പോലും മതതീവ്രവാദ പ്രവർത്തനങ്ങൾക്കു നേരെ ശക്തമായ നിലപാടെടുക്കാൻ വൈമുഖ്യം കാണിക്കുമ്പോൾ കേരള യുക്തിവാദി സംഘം ഇത്തരത്തിൽ ഇരകളുടെ അത്യപൂർവ്വ സംഗമം സംഘടിപ്പിച്ചത് യഥാർത്ഥ മനുഷ്യസ്നേഹികൾക്ക് ആശ്വാസകരമാണ്.

'യുക്തിവാദികൾക്കു ദൈവം നല്ലതു വരുത്തട്ടെ!!'

കാർട്ടൂൺ

# നരേന്ദ്രമോഡിയെ കമ്മ്യൂണിസ്റ്റ് ഉണ്ണി ആവിഷ്ക്കരിക്കുന്നത്....




നരേന്ദ്രമോഡി എന്ന മുഖ്യമന്ത്രി വിവാദങ്ങളുടെ കൂട്ടുകാരനാണ്. രാഷ്ട്രീയ വിശകലന ലേഖനങ്ങളിലും, രാഷ്ട്രീയ ചർച്ചകളിലും മോഡി ചൂടൻ വിഷയമാണ്. മോഡിയുഗം , മോഡി ശൈലി എന്നിങ്ങനെയൊക്കെയുള്ള നിരീക്ഷണങ്ങൾ തന്നെയുണ്ട്. എന്നാൽ ഒറ്റവരയിൽ സമർത്ഥമായി മോഡി പ്രതിഭാസത്തെ ആവിഷ്ക്കരിച്ചത് കാർട്ടൂണിസ്റ്റ് ഉണ്ണിയാണ്. ഡൽഹിയിൽ ഒന്നര പതിറ്റാണ്ടായി ഇന്ത്യൻ എക്സ്പ്രസ്സിൽ പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റായി ജോലി ചെയ്യുന്നതു കൊണ്ടാവണം ഉണ്ണിയുടെ കാർട്ടൂണുകൾ രാഷ്ട്രീയ നിരീക്ഷണത്തിന്റെ നിശിത വരകളാവുന്നത്.

മതേതരത്വം, ജനാധിപത്യം, തുടങ്ങിയ മൂല്യങ്ങളിൽ ഉണ്ണി വെച്ചുപുലർത്തുന്ന വിശ്വാസം ആ വരകൾക്ക് വല്ലാത്ത സജീവത നൽകുന്നു. നരേന്ദ്രമോഡിയെ കുറിച്ചുള്ള കാർട്ടൂൺ ഒന്ന് മാത്രം മതി ഉണ്ണിയുടെ നിരീക്ഷണത്തിന്റെ മൂർച്ചയറിയാൻ. ഒരു ഒക്ടോബർ രണ്ടാം തിയ്യതി നരേന്ദ്രമോഡി മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്ക് മാലയിട്ടുകൊണ്ട് പറയുന്നത്, ഒക്ടോബർ രണ്ടിന്റെ ഏറ്റവും വലിയ കാര്യം അന്ന് സുപ്രീം കോടതിക്ക് അവധിയാണെന്നതാണ് .ഒരു കാർട്ടൂണിസ്റ്റിന് ഇതിൽ കൂടുതൽ പറയാനില്ല. എന്നാൽ പറയണ്ടാത്തത് പറഞ്ഞിട്ടുമില്ല. മോഡിയുടെ വിവാദങ്ങളിലേക്കൊന്നും കടക്കാതെ വെറും ഒരു നിരീക്ഷണം കൊണ്ടു മാത്രം ഉണ്ണി എല്ലാം പറഞ്ഞിരിക്കുന്നു.

---

## ആവിയന്ത്രം



എം.പി. പ്രതീഷിന്റെ 'ആവിയന്ത്രം' കവിതാ സമാഹാരം തപാലിൽ ലഭിക്കാൻ 35 രൂപ എം.ഒ. അയയ്ക്കുക.

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ.
മലപ്പുറം
പിൻ: 679334

---

### ഘടികാരം - കവിതാ പതിപ്പ്

നെടുമങ്ങാടു നിന്ന് പ്രസിദ്ധീകരിക്കുന്ന ഘടികാരം മാസികയുടെ കവിതാ പതിപ്പിലേക്ക് കവിത / പഠനങ്ങൾ എന്നിവ ക്ഷണിക്കുന്നു.

-എഡിറ്റർ, ഘടികാരം കവിതാ പതിപ്പ്, കരിപ്പൂർ പി.ഒ. നെടുമങ്ങാട്, തിരുവനന്തപുരം.

### യുവകവിതയിലേക്ക് രചനകൾ ക്ഷണിക്കുന്നു

പുതുകവിതയുടെ ഭാവുകത്വം ചർച്ചചെയ്യാൻ അവതരിപ്പിക്കുന്ന 'യുവകവിത'യിലേക്ക് കവിതകൾ, പഠനങ്ങൾ, വായന എന്നിവ ക്ഷണിക്കുന്നു.

-യുവകവിത, ചെമ്പ്രശ്ശേരി പി.ഒ, മലപ്പുറം - 676521

## *വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്. നേരിൽ*

വായനയുടെ പക്ഷം




ഹംഗാള യാത്രക്കുറിപ്പ് നന്നായി. എന്നാൽ അവിടെനിന്നും 20 കി.മീ മാറി അതിഗ്രാമീണവും സുന്ദരവുമായ ഭൂപ്രദേശമുണ്ട് - ബിഗൂർ. ഹംഗാളയേക്കാൾ അവികസിതമായ ബിഗൂർ അല്പംകൂടി ഹരിതാഭമായ ഗ്രാമീണ ദൃശ്യങ്ങൾ കാണച്ചുതരും. മണ്ണും കൃഷിയും ഗ്രാമീണതയും ഇഷ്ടപ്പെടുന്നവരെ ബിഗൂർ യാത്ര നിരാശപ്പെടുത്തില്ല.

*അഡ്വ. എസ്. ബിജിലാൽ, നിലമ്പൂർ*

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ഗുളിക രൂപത്തിൽ നല്ല വായന പ്രദാനം ചെയ്യുന്ന ലിറ്റിൽ മാഗസിനുകൾക്ക് പ്രസക്തി വർധിക്കുന്നു. ലിറ്റിൽ മാസികയുടെ വായനക്ഷമതയാണ് അതിന്റെ ശക്തി.

*ഷാബിൻ ഏലിയാസ്, എറണാകുളം*

ഇസ്തിരിയിടാത്ത വാക്കുകളിൽ പറയാനുള്ള കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ പറയുന്ന ലിറ്റിലിന്റെ ഭാഷ ആകർഷകമാണ്.

*മൻസൂർ. എം, മൂണ്ട, എടക്കര*

September 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# Journal of Small Things



# Little Masika




Chungathara P.O
Malappuram Dt.
Pin: 679334

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara